## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1919** **13-02-2025 - ൽ മറുപടിയ്ക്ക്**

## പരിയാരം ഗവൺമെൻറ് വെറ്ററിനറി ക്ലിനിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ അത്യാധുനിക ലാബ് സൗകര്യമുള്ള എത്ര വെറ്ററിനറി ക്ലിനിക്കുകൾ ഉണ്ട്; ഏതൊക്കെ; വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിൽ, മൃഗസംരക്ഷണ വകുപ്പിനു കീഴിൽ, ലാബ് സൗകര്യമുള്ള, ചുവടെപ്പറയുന്ന 3 വെറ്ററിനറി പോളി ക്ലിനിക്കുകൾ നിലവിലുണ്ട്:-<br>1) വെറ്ററിനറി പോളിക്ലിനിക്ക്, പരിയാരം<br>2)വെറ്ററിനറി പോളിക്ലിനിക്ക്, ചങ്ങനാശ്ശേരി<br>**3)വെറ്ററിനറി പോളി ക്ലിനിക്ക്, കാഞ്ഞിരപ്പള്ളി.** |
| (ബി) | ഇവയിൽ അത്യാധുനിക ലാബ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി ലാബ് ടെക്നീഷ്യന്മാരെ നിയമിച്ചിട്ടുണ്ടോ; ലാബ് ടെക്നീഷ്യന്മാരുടെ അഭാവം നിമിത്തം ഏതെങ്കിലും ക്ലിനിക്കിൽ ലാബ് സൗകര്യം ഉപയോഗപ്പെടുത്താനാവാത്ത സാഹചര്യമുണ്ടോ, വിശദമാക്കുമോ; | (ബി) | നിലവിൽ കോട്ടയം ജില്ലയിൽ ലാബ് സൗകര്യമുള്ള വെറ്ററിനറി പോളി ക്ലിനിക്കുകളിൽ ലാബോറട്ടറി ടെക്നീഷ്യന്റെ തസ്തിക നിലവിലുണ്ട്. എന്നാൽ കാഞ്ഞിരപ്പള്ളി വെറ്ററിനറി പോളി ക്ലിനിക്കിൽ ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക നിലവിലുണ്ടെങ്കിലും പി.എസ്.സി റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ സ്ഥിര നിയമനം നടത്തിയിട്ടില്ലാത്തതും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നിയമനം ലഭിച്ച വ്യക്തി ജോലി ഉപേക്ഷിച്ചു പോയതിനാൽ പുതിയ താല്ക്കാലിക നിയമനത്തിനായി ആളെ നിയമിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിപ്പ് നൽകിയിരിക്കുകയുമാണ്. ലാബോറട്ടറി ടെക്നീഷ്യന്റെ നിയമനത്തോടെ ലാബ് സൗകര്യം ഉപയോഗപ്പെടുത്താനാവാത്ത സാഹചര്യം ഇല്ലാതാകുന്നതാണ്. |
| (സി) | കഴിഞ്ഞ 8 വർഷത്തിനുള്ളിൽ കോട്ടയം ജില്ലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഏതൊക്കെ വെറ്റിനറി ക്ലിനിക്കിന്റെ സേവനം പകൽ സമയം മാത്രമാക്കി നിശ്ചയിച്ചിട്ടുണ്ടെന്നും ഏതൊക്കെ ക്ലിനിക്കിൽ പുതുതായി 24 മണിക്കൂർ സേവനം ഏർപ്പെടുത്തിയെന്നുമുള്ള വിവരം ഇപ്രകാരം പുതുക്കി നിശ്ചയിക്കാനാധാരമാക്കിയ മാനദണ്ഡങ്ങൾ സഹിതം വിശദമാക്കുമോ; | (സി) | കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി വെറ്ററിനറി പോളി ക്ലിനിക്ക്, വൈക്കം വെറ്ററിനറി ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളാണ് 19/08/2020-ലെ സ.ഉ (സാ.ധാ) നം.251/2020/എ.എച്ച്.ഡി ഉത്തരവ് പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി ഉയർത്തിയത്. കോട്ടയം ജില്ലയിൽ നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വെറ്ററിനറി ക്ലിനിക്കിന്റെ സേവനം പകൽ സമയം മാത്രമായി ചുരുക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പുതുപ്പള്ളി പരിയാരം ഗവൺമെൻറ് വെറ്ററിനറി ക്ലിനിക്കിൽ അത്യാധുനിക ലാബ് ഉൾപ്പെടെ എല്ലാ സൗകര്യവും ലഭ്യമായിരുന്നിട്ടും 24 മണിക്കൂർ പ്രവർത്തനം ഒഴിവാക്കി പകൽ സമയം മാത്രം പ്രവർത്തിക്കുന്നതിന് ഉത്തരവ് നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ: ആയത് 24 മണിക്കൂർ പ്രവർത്തിക്കുന്ന ക്ലിനിക്കായി പുനഃസ്ഥാപിക്കുമോ; വിശദമാക്കാമോ? | (ഡി) | കോട്ടയം ജില്ലയിലെ പരിയാരം വെറ്ററിനറി പോളി ക്ലിനിക്ക് 04/06/2016-ലെ സ.ഉ (സാധാ) നം.251/2016/എ.എച്ച്.ഡി നമ്പർ ഉത്തരവ് പ്രകാരം നിലിവിൽ 2 ഷിഫ്റ്റ് അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത് (8 am to 8 pm). പ്രസ്തുത സ്ഥാപനം പകൽ സമയം മാത്രം പ്രവർത്തിയ്ക്കുന്നതിന് ഉത്തരവ് നൽകിയിട്ടില്ല. പുതുപ്പള്ളി പരിയാരം ഗവൺമെൻറ് വെറ്റിനറി പോളിക്ലിനിക്കിനെ 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ഥാപനമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ